**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4436** **19-07-2022 - ൽ മറുപടിയ്ക്ക്**

**ഐ.ജി.എ.എം.ആർ സ്കൂളിലെ എസ്.എസ്.എൽ.സി. വിജയ ശതമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ പട്ടികവർഗ്ഗ വകുപ്പിന് കീഴിലുള്ള നിലമ്പൂർ ഇന്ദിരാഗാന്ധി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ (ഐ.ജി.എം.എം.ആർ) സ്കൂളിലെ 2021-22 എസ്.എസ്.എൽ.സി. വിജയ ശതമാനം എത്രയായിരുന്നുവെന്നും എത്ര കുട്ടികളാണ് ആകെ സ്കൂളിൽ പരീക്ഷയെഴുതിയതെന്നും വിജയിച്ചവർ, ഫുൾ എ പ്ലസ് കിട്ടിയവർ എന്നിവരുടെ എണ്ണവും അറിയിക്കാമോ; വിജയ ശതമാനം സംസ്ഥാന ശരാശരിക്കു താഴെയാണോയെന്നും അറിയിക്കാമോ; | (എ) | വിജയശതമാനം - 68%<br>പരീക്ഷ എഴുതിയവർ - 41<br>വിജയിച്ചവർ - 28<br>ഫുൾ A+ - NIL<br><br>വിജയശതമാനം സംസ്ഥാന ശരാശരിക്ക് താഴെയാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മറ്റെല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും SSLC ക്ക് 100% വിജയം ലഭിച്ചിട്ടുണ്ട്. |
| (ബി) | 2016 മുതൽ ഈ വർഷം വരെ പ്രസ്തുത സ്കൂളിലെ എസ്.എസ്.എൽ.സി. വിജയ ശതമാനവും ഫുൾ എ പ്ലസ് കിട്ടിയ വിദ്യാർത്ഥികളുടെ എണ്ണവും എത്രയെന്ന് വർഷം തിരിച്ച് ലഭ്യമാക്കാമോ; | (ബി) | 2016 മുതൽ 2021 വരെ - 100%<br>2022 - 68%<br>ഫുൾ A+ - NIL |
| (സി) | 2021-22 വർഷത്തിൽ പ്രസ്തുത സ്കൂളിലെ എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് സാധാരണ ക്ലാസുകൾക്ക് പുറമെ നടത്തിയ അക്കാദമിക ഇടപെടലുകളും ഇതിൽ ഐ.ടി.ഡി.പി., വിദ്യാഭ്യാസ വകുപ്പ് എന്നിവരുടെ പങ്കാളിത്തവും നടപ്പാക്കിയ പ്രത്യേക പദ്ധതികളും ഇതിനു വന്ന ചെലവും വിശദമാക്കാമോ; | (സി) | 2021-22 അധ്യയന വർഷം കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ നവംബർ 1 മുതലാണ് റെഗുലർ ക്ലാസുകൾ ആരംഭിച്ചിട്ടുള്ളത്. ഓൺലൈൻ സംവിധാനം നിലനിന്നിരുന്ന അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ എസ്.ടി പ്രൊമോട്ടർ മുഖേന വിദ്യാർത്ഥികൾക്ക് അവരുടെ വീടുകളിലും, വിദ്യാർത്ഥികൾ സ്കൂളിൽ എത്തി ചേർന്ന കാലഘട്ടത്തിൽ നേരിട്ടും പഠനം മെച്ചപ്പെടുത്തുന്നതിനായി പ്രിന്റഡ് നോട്ട് നൽകിയിരുന്നു. കൂടാതെ കോവിഡ് കാലഘട്ടത്തിൽ പാഠഭാഗങ്ങൾ റെക്കോർഡ് ചെയ്ത് കോളനികളിൽ എത്തിച്ച് അദ്ധ്യാപകർ സാധ്യമായ സ്ഥലങ്ങളിൽ ക്ലാസ്സുകൾ ലഭ്യമാക്കിയിരുന്നു. എസ്.എസ്.എൽ.സി. പരീക്ഷാ കാലഘട്ടത്തിൽ രാത്രികാലങ്ങളിൽ പ്രത്യേകമായി ക്ലാസ്സുകൾ നൽകിയിട്ടുണ്ട്. പരീക്ഷാ കാലഘട്ടത്തിൽ സ്റ്റുഡന്റ് കൗൺസിലർമാരുടെ സേവനവും, പരീക്ഷ കഴിയുന്നത് വരെയും നൽകി. |

| | | | |
|---|---|---|---|
| | | | കൂടാതെ മാർച്ച് 31 ന് കാലാവധി അവസാനിച്ച MCRT (Manager cum Resident Tuitor) യുടെയും, അദ്ധ്യാപകരുടെയും സേവനം ദീർഘിപ്പിച്ചു നൽകുകയും സേവനം ഉറപ്പ് വരുത്തുകയും ചെയ്തിരുന്നു. ടി കാലയളവിൽ വേതനമായി 95,950/- രൂപയും സ്റ്റുഡന്റ് കാൺസിലർമാർക്ക് ഹോണറേറിയമായി 40,000/- രൂപയും, പരീക്ഷാ കാലയളവിൽ സ്പെഷ്യൽ ഫുഡ് വിദ്യാർത്ഥികൾക്ക് നൽകിയ ഇനത്തിൽ 7,470/- രൂപയും ചെലവഴിച്ചു. മേൽ ചെലവുകൾ ഐറ്റി.ഡി.പി.മുഖേനയാണ് നൽകിയിട്ടുള്ളത്. |
| (ഡി) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു മാത്രമായുള്ള സ്കൂളിൽ ഈ വർഷം വിജയ ശതമാനം കുറയാനുണ്ടായ കാരണം വിശദമാക്കാമോ; വിജയ ശതമാനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ജാഗ്രതക്കുറവുണ്ടായോയെന്നും അറിയിക്കാമോ; ഈ വിഷയത്തിൽ വകുപ്പുതലത്തിൽ അന്വേഷണം നടത്തുമോ; അറിയിക്കുമോ? | (ഡി) | 2021-22 നവംബർ മാസം വരെ കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാതിരുന്ന കാലയളവിൽ വനത്തിനകത്തും, വനത്തിന് സമീപ പ്രദേശങ്ങളിലും താമസിച്ചിരുന്ന വിദ്യാർത്ഥികൾക്ക് ഇന്റർനെറ്റ് സൗകര്യകുറവ് കാരണം ഓൺലൈൻ പഠനത്തിന് ബുദ്ധിമുട്ട് നേരിട്ടിരുന്നു. ഇത് പരിഹരിക്കുന്നതിനായി മോഡൽ റസിഡൻഷ്യൽ സ്കൂളിലെ അദ്ധ്യാപകരുടെ നേതൃത്വത്തിൽ ക്ലാസുകൾ റെക്കോർഡ് ചെയ്ത് കോളനികളിൽ എത്തിച്ച് പഠനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നു. വിവിധ വകുപ്പുകളുടെ സഹകരണത്തോടുകൂടി ഇത് മോണിറ്റർ ചെയ്യുകയും ഉണ്ടായി. 2022 ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നിലമ്പൂർ ഐ.ജി.എം.ആർ.എസ്. ഒഴികെയുള്ള സ്ഥാപനങ്ങളിൽ വിജയം 100% ആയിരുന്നു നിലമ്പൂർ എം.ആർ.എസ്.ലെ വിജയശതമാനം കുറയുവാനുണ്ടായ കാരണം പരിശോധിക്കുന്നതാണ്. പരീക്ഷയിൽ പരാജയപ്പെട്ട 13 വിദ്യാർത്ഥികളെയും സേ പരീക്ഷ എഴുതിപ്പിക്കുന്നതിന് ടി മോഡൽ റസിഡൻഷ്യൽ സ്കൂളിൽ എത്തിച്ച് പ്രത്യേക പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ